പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

# ഇന്ദിര ആവാസ് യോജനാ പദ്ധതി 2011-2012

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2679 — 10.07.2015 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഇ.പി.ജയരാജൻ** | | **ശ്രീ.കെ.സി.ജോസഫ്**<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) | ഇന്ദിര ആവാസ് യോജനാ പദ്ധതിയിൽ 2011-2012 ൽ സംസ്ഥാനത്ത് ആകെ എത്ര ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ; | (എ) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഇന്ദിര ആവാസ് യോജനാപദ്ധതി പ്രകാരം വിവിധ വിഭാഗങ്ങൾക്ക് 2011-2012 ൽ ഓരോ യൂണിറ്റിനും നിശ്ചയിക്കപ്പെട്ട സാമ്പത്തിക സഹായം എത്രയാണ് ; | (ബി) | കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന ഐ.എ.വൈയുടെ യൂണിറ്റ് കോസ്റ്റ് എല്ലാ വിഭാഗങ്ങൾക്കും 48,500/- രൂപയാണ്. എന്നാൽ സംസ്ഥാനത്ത് ഇത് പട്ടികജാതി, ജനറൽ വിഭാഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയായും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2.5 ലക്ഷം രൂപയായും 15.09.2011 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | 2011-2012 ൽ വിവിധ വിഭാഗങ്ങൾക്ക് ആകെ എത്ര സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതുണ്ടായിരുന്നു; | (സി) | 2011-12-ലെ ഐ.എ.വൈ. നടപ്പിലാക്കുവാൻ ആകെ 24213.4 ലക്ഷം രൂപ ലഭ്യമാക്കേണ്ടതുണ്ടായിരുന്നു. |
| (ഡി) | 2011-2012 ൽ ആകെ എത്ര സാമ്പത്തിക സഹായം അനുവദിക്കുകയുണ്ടായി ; | (ഡി) | 2011-12 ൽ 23982.3 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്. |
| (ഇ) | 2011-2012 പദ്ധതിയിൽ ഉൾപ്പെടുത്തിയ എത്ര വീടുകൾ പൂർത്തീകരിക്കുകയുണ്ടായി ? | (ഇ) | 2011-12 ൽ 52,010 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം1

2011-12 ൽ സംസ്ഥാനത്ത് ആകെ 54717 ഗുണഭോക്താക്കൾക്കാണ് ഇന്ദിരാ ആവാസ് യോജന പ്രകാരം ഭവന നിർമ്മാണ ധനസഹായം നൽകിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | പട്ടികജാതി | പട്ടികവർഗ്ഗം | ന്യൂനപക്ഷം | പൊതുവിഭാഗം | ആകെ |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 3656 | 208 | 1633 | 1674 | 7171 |
| 2 | കൊല്ലം | 3194 | 69 | 1109 | 2048 | 6420 |
| 3 | പത്തനംതിട്ട | 1036 | 79 | 398 | 1031 | 2544 |
| 4 | ആലപ്പുഴ | 1823 | 41 | 1300 | 4703 | 7867 |
| 5 | കോട്ടയം | 670 | 66 | 775 | 1378 | 2889 |
| 6 | ഇടുക്കി | 677 | 662 | 536 | 746 | 2621 |
| 7 | എറണാകുളം | 601 | 48 | 982 | 1073 | 2704 |
| 8 | തൃശ്ശൂർ | 2277 | 37 | 1356 | 2298 | 5968 |
| 9 | പാലക്കാട് | 2187 | 358 | 603 | 974 | 4122 |
| 10 | മലപ്പുറം | 1751 | 81 | 1869 | 1082 | 4783 |
| 11 | കോഴിക്കോട് | 1252 | 52 | 715 | 1319 | 3338 |
| 12 | വയനാട് | 135 | 1100 | 308 | 461 | 2004 |
| 13 | കണ്ണൂർ | 177 | 303 | 136 | 234 | 850 |
| 14 | കാസർഗോഡ് | 368 | 436 | 266 | 366 | 1436 |
| | ആകെ | 19804 | 3540 | 11986 | 19387 | 54717 |